# KERALA STATE NIRMITHI KENDRA

(An undertaking of Government of Kerala)

ISO 9001:2015

Nirmithi Hills, P.T.P Nagar
Thiruvananthapuram-695 038
Ph: 0471-2360559
e-mail : cru.kesnik@kerala.gov.in
statenirmithi@gmail.com
kesniknirmithi@gmail.com
Website : www.statenirmithi.kerala.gov.in


**KESNIK/1015/2022-OVSR1(TECH)-R2** **15.07.2025**

## ക്വട്ടേഷൻ നോട്ടീസ്

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം- ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി കേരളത്തിലെ വില്ലേജ് ഓഫീസുകളിലേക്ക് കോൺക്രീറ്റ് നിർമ്മിത സർവ്വേകല്ലുകൾ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ വിവിധ ജില്ലകളിലുള്ള പ്രൊഡക്ഷൻ യൂണിറ്റുകളിൽ നിന്നും വില്ലേജ് ഓഫീസുകളിലേക്ക് എത്തിച്ചു നൽകുന്നതിനായി കിലോമീറ്റർ വാടകയിനത്തിൽ വാഹനം ലഭ്യമാക്കുന്നതിന് വ്യക്തികൾ/ ഏജൻസികൾ/ സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി 23.07.2025- 3 Pm . പൂരിപ്പിച്ച അപേക്ഷകൾ, ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം , പിടി.പി നഗർ, തിരുവനന്തപുരം- 695038 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ചീഫ് ടെക്നിക്കൽ ഓഫീസർ

## കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

## പി.ടി.പി നഗർ, തിരുവനന്തപുരം

ക്വട്ടേഷൻ നം. **KESNIK/1015/2022-OVSR1(TECH)** **15.07.2025**

### വാഹനം കിലോമീറ്റർ നിരക്കിൽ വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ ഫാറം

ഡയറക്ടർ,
കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം,
പി.ടി.പി നഗർ, തിരുവനന്തപുരം-38

ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി കേരളത്തിലെ വില്ലേജ് ഓഫീസുകളിലേക്ക് കോൺക്രീറ്റ് നിർമ്മിത സർവ്വേകല്ലുകൾ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ വിവിധ ജില്ലകളിലുള്ള പ്രൊഡക്ഷൻ യൂണിറ്റുകളിൽ നിന്നും എത്തിച്ചു നൽകുന്നതിനായി കിലോമീറ്റർ വാടകയിനത്തിൽ വാഹനം ലഭ്യമാക്കുന്നതിനുള്ള നിരക്ക് താഴെ കൊടുക്കുന്നു.

| നം. | വിശദാംശങ്ങൾ | റേറ്റ് | GST | വാഹനത്തിൻറെ രജിസ്ട്രേഷൻ/ ബ്രാൻറ്/വർഷം |
|---|---|---|---|---|
| | വാഹനവും, ഡ്രൈവറുടെ സേവനവും ആവശ്യത്തിന് മാത്രം നൽകുമ്പോൾ 01 Km ഓടുന്ന നിരക്ക്. | | | |

നിരത ദ്രവ്യമായി 5000/- രൂപ DD (No....................dated .................)/cash ആയി ഇതിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. 2025-2026 സാമ്പത്തികവർഷത്തേയ്ക്ക് (2026 മാർച്ച് 31 വരെ ) കെസ്നിക്കിൻറെ നിബന്ധനകൾക്ക് വിധേയമായി ടി നിരക്കിൽ സേവനം നൽകുന്നതിന് ഞാൻ ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു. ടി നിരക്ക് കൂടാതെ മറ്റ് യാതൊരു വിധ ചെലവുകളും നൽകേണ്ടതില്ല. ഇതിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള ക്വട്ടേഷൻ നിബന്ധനകളിൽ പറയുന്ന എല്ലാ വ്യവസ്ഥകളും ഞാൻ അംഗീകരിച്ചുകൊള്ളുന്നു.

ഒപ്പ്
പേര്,വിലാസം

ടെലിഫോൺ നം.

സ്ഥലം
തീയതി

# ക്വട്ടേഷൻ നിബന്ധനകൾ

സർവ്വേയും, ഭൂരേഖയും വകുപ്പിൽ നടന്നുവരുന്ന ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി കേരളത്തിലെ വിവിധ ജില്ലകളിലേക്ക് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ നിർമ്മാണ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന കോൺക്രീറ്റ് നിർമ്മിത സർവ്വേകല്ലുകൾ റീജിയണൽ എഞ്ചിനീയർമാർമാർ അറിയിക്കുന്ന സ്ഥലങ്ങളിൽ എത്തിച്ചു നൽകുന്നതിനായി, വാഹനം ലഭ്യമാക്കുന്നതിന്, താൽപ്പര്യമുള്ള വാഹന ഉടമകളിൽ നിന്നും കിലോമീറ്റർ നിരക്കിൽ GST ഉൾപ്പടെ താൽപ്പര്യപത്രം ക്ഷണിക്കുന്നു.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൻറെ റീജിയണൽ ഓഫീസുകളിൽ നിന്നോ, പ്രൊഡക്ഷൻ യൂണിറ്റുകളിൽ നിന്നോ ആയിരിക്കും കല്ലുകൾ നിർദ്ദിഷ്ട വില്ലേജുകളിൽ എത്തിക്കേണ്ടത്.

1.ഒരു കല്ലിൻറെ നീളം - 15cm, വീതി -15cm, പൊക്കം - 60cm എന്നിങ്ങനെയായിരിക്കും (6"x6"x24"). കല്ലിൻറെ ഉദ്ദേശ തൂക്കം 40 kg.

2. വാഹനം 4 മുതൽ 5 ടൺ ഭാരം വരെ വഹിക്കാൻ കഴിവുള്ളതായിരിക്കണം

3. ഡീസൽ, ഡ്രൈവർ ചാർജ്ജ് എന്നിവ ഉൾപ്പെടുന്ന റേറ്റാണ് നൽകേണ്ടത്.

4. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ നിരത ദ്രവ്യമായി 5000/- രൂപയുടെ DD കൂടി ഉൾപ്പെടുത്തേണ്ടതാണ്.

5. സമയബന്ധിതമായി പൂർത്തിയാക്കേണ്ടുന്ന പ്രവർത്തിയായതിനാൽ റീജിയണൽ എഞ്ചിനീയർമാർ ആവശ്യപ്പെടുന്ന സമയത്തിനുള്ളിൽ തന്നെ വാഹനം ലഭ്യമാക്കേണ്ടതും കല്ലുകൾ നിശ്ചയിക്കുന്ന വില്ലേജുകളിൽ എത്തിച്ചുനൽകേണ്ടതാണ്.

6. വാഹനത്തിൻറെ മെയിൻറനൻസ് ഉൾപ്പടെയുള്ള എല്ലാം ചെലവുകളും വാഹന ഉടമസ്ഥൻറെ ചുമതലയായിരിക്കും.

7. ക്വട്ടേഷനോടൊപ്പം നിരത ദ്രവ്യമായി 5000/- രൂപ (അയ്യായിരം രൂപ മാത്രം) പണമായോ/ ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം എന്ന പേരിൽ ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്. ദർഘാസ് ഫോം വിലയായി 200/- രൂപ + 18% GST ഒടുക്കേണ്ടതാണ്. അല്ലാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

8. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിൻറെ പുറത്ത് *"വാഹനങ്ങൾ കിലോമീറ്റർ അടിസ്ഥാനത്തിൽ കരാർ വ്യവസ്ഥയിൽ നൽകുന്നതിനുള്ള ക്വട്ടേഷൻ"* എന്ന് രേഖപ്പെടുത്തേണ്ടതാണ്.

9 . ക്വട്ടേഷൻ സ്ഥിരപ്പെടുത്തി ലഭിക്കുന്നയാൾ സമർപ്പിച്ച നിരത ദ്രവ്യം ഉൾപ്പടെ 5000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്.

10. ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നയാൾ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി കരാറിലേപ്പെടേണ്ടതാണ്.

11. നിലവിലുള്ള നിയമപ്രകാരം വാടകയിൽ നിന്നും അംഗീകൃത നികുതി /TDS എന്നിവ പിടിക്കുന്നതാണ്. ടാക്സ് നിരക്കുകളിൽ സർക്കാർ വരുത്തുന്ന വ്യതിയാനം ഇതിനും ബാധകമായിരിക്കും.

12. വാഹനങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, ആയതിൽ നിന്നും ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

13. വാഹനത്തിൻറെ ഇന്ധനചെലവ്, അറ്റകുററപ്പണികൾ, ഡ്രൈവറുടെ ചെലവ്, നിയമപ്രകാരമുള്ള നികുതികൾ എന്നിവ കരാറുകാരൻ വഹിക്കേണ്ടതാണ്. വാഹനത്തിൻറെ യാതൊരുവിധ ബാധ്യതയും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഏറ്റെടുക്കുന്നതല്ല.

14. വാടകയ്ക്ക് നൽകുന്ന വാഹനം 07 (ഏഴ്) വർഷത്തിനുമേൽ പഴക്കമുണ്ടാകാൻ പാടില്ലാത്തതും അതു തെളിയിക്കുന്ന രേഖകളുടെ പകർപ്പ് ദർഘാസിനൊപ്പം നൽകേണ്ടതുമാണ്.

15. ക്വട്ടേഷനുകൾ, കാരണം കാണിക്കാതെ നിരസിക്കുവാനും, ക്വട്ടേഷൻ വ്യവസ്ഥ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള പൂർണ്ണ അധികാരം ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ നിക്ഷിപ്തമാണ്.

16. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ക്വട്ടേഷനുകളുടെ നിബന്ധനകൾ, ഈ ക്വട്ടേഷനും ബാധകമായിരിക്കും.

17. വാഹനം സർവ്വീസിംഗ് മുതലായ ആവശ്യങ്ങൾക്കായി നൽകുമ്പോൾ പകരം അതേ കാറ്റഗറിയിലുള്ള വാഹനം നൽകേണ്ടതും, നൽകുന്ന വാഹനം കരാറിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ വാങ്ങിയതും ആയിരിക്കണം. വാഹനം ഏതെങ്കിലും കാരണത്താൽ നൽകാതിരിക്കുന്ന പക്ഷം പ്രതിദിനം 1000/- രൂപ വാടകയിനത്തിൽ കുറവ് ചെയ്യുന്നതാണ്.

18. കരാറുകാരൻറെ ഭാഗത്തു നിന്നും ഏതെങ്കിലും തരത്തിലുള്ള വീഴ്ചയുണ്ടാകുന്നപക്ഷം മുൻകൂർ നോട്ടീസ് നൽകാതെ തന്നെ കരാർ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ നിക്ഷിപ്തമായിരിക്കും.

19. കരാർ കാലാവധി, അല്ലെങ്കിൽ സർവ്വേ കല്ലുകളുടെ വിതരണം അവസാനിക്കുന്ന ദിവസമോ, ഏതാണോ ആദ്യം വരുന്നത് ആ ദിവസം തന്നെ കരാർ കാലാവധി അവസാനിക്കുന്നതായിരിക്കും.

20. മത്സരാടിസ്ഥാനതതിലുള്ള മുദ്രവച്ച ക്വട്ടേഷനുകൾ **2025 ജൂലൈ മാസം 23 ന് വൈകുന്നേരം 3 മണിക്ക് മുൻപായി** ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, പി.ടി.പി നഗർ, തിരുവനന്തപുരം-38 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. വൈകി കിട്ടുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

21. ക്വട്ടേഷനുകൾ അന്നേ ദിവസം വൈകുന്നേരം 04 മണിക്ക് തുറക്കുന്നതും, ഏത് തരം വാഹനം പരിഗണിക്കണം എന്നത് പരിശോധിച്ച് അതിൽ കുറഞ്ഞ നിരക്ക് നൽകിയിട്ടുള്ള കരാറുകാരൻറെ പേർക്ക് കരാർ സ്ഥിരപ്പെടുത്തുന്നതുമാണ്.

22. വാഹന കരാറിൻറ്റെ കാലാവധി 2026 മാർച്ച് 31 വരെയായിരിക്കും.

ചീഫ് ടെക്നിക്കൽ ഓഫീസർ

**തിരുവനന്തപുരം**

**15.07.2025**